2 ഡിസംബർ 2017

## പത്രക്കുറിപ്പ് 2

### ഇന്ത്യൻ ജീവിതങ്ങളെ തൊട്ടറിഞ്ഞ 47 ചിത്രങ്ങൾ

22-മത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഇന്ത്യൻ ജീവിതങ്ങളെ ആഴത്തിൽ തൊട്ടറിഞ്ഞ 47 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക സിനിമ ഇന്ന്, മലയാള സിനിമ ഇന്ന്, മത്സര വിഭാഗം, ഐഡന്റിറ്റി ആന്റ് സ്പേസ്, ഹോമേജ് എന്നീ വിഭാഗങ്ങളിലായാണ് ഈ ചിത്രങ്ങൾ പ്രദർശനത്തിന് എത്തുന്നത്.

ഇന്ത്യൻ സിനിമ ഇന്ന് എന്ന വിഭാഗത്തിൽ 7 ഇന്ത്യൻ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. വടക്ക് കിഴക്കൻ മേഖലയിലെ രാഷ്ട്രീയ സാമൂഹിക സംഭവ വികാസങ്ങളെ കോർത്തിണക്കിയ സഞ്ജയ് ദേ യുടെ ചിത്രം ത്രീ സ്മോക്കിംഗ് ബാരൽസ്, 1980കളുടെ സാമൂഹിക പശ്ചാത്തലത്തിൽ ഒരുക്കിയ പ്രസാദ് ഓക്ക് ചിത്രം കച്ചാ ലിമ്പു, മൂന്ന് വ്യത്യസ്ത കാലഘട്ടങ്ങളിൽ ഒരു കെട്ടിടത്തിൽ ജീവിക്കുന്ന ആളുകളുടെ ജീവിത സാഹചര്യങ്ങളെ ആധാരമാക്കി നിർമ്മിച്ച ദർ ഗൈ ചിത്രം തീൻ ഔർ ആധാ, അസമിലെ സ്ത്രീ ജീവിതങ്ങളെ അവതരിപ്പിക്കുന്ന റിമ ദാസ് ചിത്രം വില്ലേജ് റോക്ക് സ്റ്റാർസ്, യാഥാസ്ഥിതികതയിൽ നിന്ന് പിൻവലിയേ ിവന്ന നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന ദീപേഷ് ജയിൻ ചിത്രം ഗാലി ഗുലിയാൻ, നഗ്നതയെ സൗന്ദര്യാത്മകവും സാമൂഹികവുമായി വിശകലനം ചെയ്യുന്ന രവി ജാദവ് ചിത്രം ന്യൂഡ്, രാവുറങ്ങാത്ത മുംബൈ നഗരത്തിൽ എത്തിപ്പെടുന്ന കാശ്മീരി കുടുംബത്തിന്റെ കഥ പറയുന്ന നിഖിൽ അല്ലുഗ് ചിത്രം ശേഹ്ജർ എന്നിവയാണ് ഇന്ത്യൻ സിനിമ ഇന്ന് എന്ന വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നത്. സമകാലിക ഇന്ത്യയുടെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞവയാണ് ഈ ചിത്രങ്ങൾ. ഫിലിംസ് ഓൺ ഐഡന്റിറ്റി ആന്റ് സ്പേസ് എന്ന വിഭാഗത്തിൽ ഗീതു മോഹൻദാസ് സംവിധാനം ചെയ്ത ലയേഴ്സ് ഡയസ് പ്രദർശിപ്പിക്കും.

(മറുപുറം)



Mob : 8547976353, 9544917693
email:mediacell@iffk.in

നഷ്ടപ്പെട്ടു പോയ ഭർത്താവിനെ അന്വേഷിച്ചു നഗരത്തിൽ എത്തുന്ന സ്ത്രീയും മകളും, ആ അന്വേഷണത്തിൽ നേരിടുന്ന തിരിച്ചടികളും തിരിച്ചറിവുകളുമാണ് ലയേഴ്സ് ഡയസിന്റെ ഇതിവൃത്തം.

മേളയിലെ ഇന്ത്യൻ വിഭാഗങ്ങൾക്ക് പുറമെ സത്യജിത്ത് റേയുടെ ചാരുലത, അപർണ്ണാ സെന്നിന്റെ സോനാറ്റാ, വൈ എം മൂവീസിന്റെ വൺ ഹാർട്ട് : ദി എ ആർ റഹ്മാൻ കൺസർട്ട് എന്നീ ചിത്രങ്ങളും പ്രദർശിപ്പിക്കും. എ ആർ റഹ്മാന്റെ വിഖ്യാതമായ കൺസർട്ട് ടൂറിനെ ആസ്പദമാക്കിയാണ് ഈ ചിത്രം തയ്യാറാക്കിയിരിക്കുന്നത്.

മൺ മറഞ്ഞുപോയ സിനിമാ പ്രതിഭകൾക്കുള്ള ആദരസൂചകമായി ഹോമേജ് വിഭാഗത്തിൽ ഐ.വി. ശശി, കെ.ആർ. മോഹനൻ, ജയലളിത, ഓം പുരി, കുന്ദൻ ഷാ, ഗീതാ സെൻ , രാമാനന്ദ സെൻ ഗുപ്ത എന്നിവരുടെ ചിത്രങ്ങളും പ്രദർശിപ്പിക്കും.

ഇരുപതാം നൂറ്റാ ിന്റെ ആദ്യത്തിൽ രാജ്യമെങ്ങുമലയടിച്ച സ്വാതന്ത്ര്യ സമരത്തിന്റെ പ്രാദേശികമായ ഒരു അധ്യായത്തെ അവതരിപ്പിച്ച 1921, വ്യക്തിപരമായ താത്പര്യങ്ങളുടെ ഇടയിൽ തനിയെ ആകുന്ന നായകനെ അവതരിപ്പിച്ച ആൾക്കൂട്ടത്തിൽ തനിയെ, കുടുംബബന്ധങ്ങളുടെ കഥ പറഞ്ഞ ആരൂഢം, നാട് വിട്ടുപോയി വർഷങ്ങൾക്ക് ശേഷം തിരിച്ചു വന്ന നായകന്റെ വൈകാരികതകളെ അവതരിപ്പിച്ച ഇതാ ഇവിടെ വരെ, സ്വാഭാവിക ജീവിതങ്ങൾക്ക് പുറത്തു നില്ക്കുന്ന വേട്ടക്കാരൻ വാറുണ്ണിയുടെ കഥ പറഞ്ഞ മൃഗയ എന്നിവയാണ് ഈ വിഭാഗത്തിലെ ഐ.വി.ശശി ചിത്രങ്ങൾ.

ആധുനിക ജീവിതത്തിന്റെ അസ്ഥിത്വവാദ ചിന്തകളെ പുരാണവുമായി ഇട കലർത്തിയവതരിപ്പിച്ച അശ്വത്ഥാമാവ്, അപരിഹാര്യമായ ജീവിത വൈരുധ്യങ്ങളെ പശ്ചാത്തലമാക്കിയ പുരുഷാർത്ഥം , ഭൂതകാലത്തോടുള്ള മോഹവും അവ യഥാർത്ഥ ജീവിതത്തിലു ാക്കുന്ന വിരുദ്ധമാനങ്ങളും പ്രമേയമാക്കിയ സ്വരൂപം എന്നീ കെ ആർ മോഹനൻ ചിത്രങ്ങളും ഈ വിഭാഗത്തിൽ പ്രദർശിപ്പിക്കും. മുൻ തമിഴ്നാട് മുഖ്യമന്ത്രിയും സിനിമാ താരവുമായ ജയലളിതയുടെ വിഖ്യാത ചിത്രം ആയിരത്തിൽ ഒരുവൻ ജയലളിതയോടുള്ള സ്മരണാർഥം മേളയിൽ പ്രദർശിപ്പിക്കും. ഓം പുരിയുടെ അർദ്ധ സത്യ, ഗീതാ സെൻ, രാമാനന്ദ സെൻഗുപ്ത എന്നിവരുടെ നാഗരിക് എന്നിവയാണ് ഈ വിഭാഗത്തിലെ മറ്റു ചിത്രങ്ങൾ.

(തുടരും)



Mob : 8547976353, 9544917693
email:mediacell@iffk.in